**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5417** **03-11-2021 - ൽ മറുപടിയ്ക്ക്**

**പ്ലാന്റേഷൻ കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടർക്കെതിരെയുള്ള പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്കെതിരെ ലൈംഗികപീഡന പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) | തൊഴിൽ സ്ഥലത്ത് ലൈംഗികമായി പീഡിപ്പിച്ചു എന്ന വകുപ്പുകൾ ചേർത്താണോ പ്രസ്തുത പരാതിയിന്മേൽ പോലീസ് അന്വേഷണം നടത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളത്; പ്രസ്തുത വകുപ്പുകൾ ചേർത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | അല്ല, നിലവിലുള്ള നിയമപ്രകാരം തൊഴിൽ സ്ഥലത്തെ പീഡനം സംബന്ധിച്ച പരാതികൾക്ക് പ്രസ്തുത വകുപ്പിലെ ഇന്റേണൽ കമ്മിറ്റി അന്വേഷണം നടത്തി റിപ്പോർട്ട് ഹാജരാക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇതുവരേയും പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടില്ല. പരാതിയുടെ അടിസ്ഥാനത്തിൽ കോട്ടയം ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നം. 1425/2021 U/s 354(A)(1)(i)IPC പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇന്റേണൽ കമ്മിറ്റി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് കേസിലേക്ക് ഉചിതമായ വകുപ്പുകൾ കൂട്ടിച്ചേർത്ത് അന്വേഷണം നടത്തുന്നതാണ്. |
| (സി) | എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് കേസ് എടുത്തതിന് ശേഷം എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (സി) | പരാതിക്കാരിയുടെ 164 CrPC പ്രകാരമുള്ള മൊഴി രേഖപ്പെടുത്തിയും മറ്റ് സാക്ഷികളുടെ മൊഴികൾ രേഖപ്പെടുത്തിയും പ്ലാന്റേഷൻ കോർപ്പറേഷനിലെ വിവിധ രേഖകൾ ബന്തവസ്സിൽ എടുത്തും അന്വേഷണം നടത്തി വരുന്നു. |
| (ഡി) | വനിതാ ജീവനക്കാരി കോട്ടയം ജില്ലാ സൂപ്രണ്ടിന് നൽകിയ പരാതി കോട്ടയം ഡി.വൈ.എസ്.പി. അന്വേഷിച്ച ശേഷമാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കേസ് എടുത്തതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | വനിതാ ജീവനക്കാരി ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതി അന്വേഷണത്തിനായി കോട്ടയം ഡി.വൈ.എസ്.പി-ക്ക് അയച്ച് നൽകിയിട്ടുള്ളതും ആയതിന്മേൽ വിശദമായ പ്രാഥമിക അന്വേഷണം നടത്തി കുറ്റകൃത്യം വെളിവായതിന്റെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ